# അഴൂർ ഗ്രാമ പഞ്ചായത്ത്

പെരുങ്ങുഴി.പി.ഒ, തിരുവനന്തപുരം
പിൻ–695305,ഫോൺ–0470–2636255

No. SC3-463420/2026

തീയതി: 05/05/2026

## ലേല /പുനർലേല നോട്ടീസ്

അഴൂർ ഗ്രാമപഞ്ചായത്തിന്റെ താഴെപ്പറയുന്ന അവകാശങ്ങൾ 2026–27 വർഷത്തേക്ക് (01/04/2026 മുതൽ 31/03/2027 വരെ) ലേലം ചെയ്തു നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ലേലം 12/05/2026 ചൊവ്വാഴ്ച പകൽ 11 മണിയ്ക്ക് അഴൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ വച്ച് നടത്തുന്നതായിരിക്കും. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ അന്നേ ദിവസം 11 മണിയ്ക്ക് ലേലം ഇനത്തോട് ചേർന്ന് രേഖപ്പെടുത്തിയിട്ടുള്ള നിരതദ്രവ്യം അടവാക്കി രസീത് സഹിതം ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ കാർഡും കൂടി കൊണ്ടുവരേണ്ടതാണ്. ആയത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പഞ്ചായത്ത് ഓഫീസ് പ്രവർത്തന സമയത്ത് അറിയാവുന്നതാണ്.

| ലേല അവകാശങ്ങൾ | നിരത ദ്രവ്യം |
|---|---|
| I. പെരുങ്ങുഴി – കൃഷ്ണപുരം മാർക്കറ്റിലെ കടമുറി | 5000 |
| II 1. പെരുങ്ങുഴി മാർക്കറ്റിലെ ചവർ ശേഖരിക്കുന്നതിനുള്ള അവകാശം | 50 |
| 2. അഴൂർ മാർക്കറ്റിലെ ചവർ ശേഖരിക്കുന്നതിനുള്ള അവകാശം | 50 |
| 3. മുട്ടപ്പലം മാർക്കറ്റിലെ ചവർ ശേഖരിക്കുന്നതിനുള്ള അവകാശം | 50 |
| III. 1. പെരുങ്ങുഴി കമ്മ്യൂണിറ്റി ഹാൾ സ്ഥലത്തുള്ള വൃക്ഷങ്ങളിൽ നിന്ന് മേലാദായം എടുക്കുന്നതിനുള്ള അവകാശം. | 100 |

ലേല നിബന്ധനകൾ

1. ലേലങ്ങൾ അന്തിമമായി സ്ഥിരപ്പെടുത്തുന്നത് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന് വിധേയമായിരിക്കും.

2. മേൽ പറഞ്ഞ എല്ലാ ലേലങ്ങൾക്കും ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയാലുടൻ കൂട്ടിവിളിക്കുന്ന ആൾ ലേല തുക പൂർണ്ണമായും അപ്പോൾ തന്നെ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.

3. ലേല അവകാശം ലഭിക്കുന്ന ലേലക്കാർ ലേലം സ്ഥിരപ്പെടുത്തി മൂന്ന് പ്രവർത്തി ദിവസങ്ങൾക്കകം 200/- രൂപ വിലയ്ക്കുള്ള മുദ്രപ്പത്രത്തിൽ നിയമാനുസരണം കരാർ പത്രം എഴുതി സമർപ്പിക്കേണ്ടതാകുന്നു.

4. എല്ലാ ലേലങ്ങൾക്കും ലേല തുകയുടെ 18% ജി.എസ്.ടി കൂടി ഒടുക്കേണ്ടതാണ്.

5. ലേലങ്ങളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ പൊതു( സർക്കാർ) നിബന്ധനകളും ഈ ലേലങ്ങൾക്കും ബാധകമായിരിക്കും.

6. പഞ്ചായത്ത് തീരുമാന പ്രകാരം ലേല നടപടികളിൽ പങ്കെടുക്കുന്നതിന് അയോഗ്യത കൽപിച്ചിട്ടുള്ള വ്യക്തികൾ ആരും തന്നെ ഈ ലേലങ്ങളിൽ പങ്കെടുക്കാൻ പാടുള്ളതല്ല.

7. താൽക്കാലികമായി സ്ഥിരപ്പെടുത്തുന്ന ലേലക്കാരുടേത് ഒഴിച്ച് ബാക്കിയെല്ലാ നിരതദ്രവ്യങ്ങളും ലേലം കഴിഞ്ഞാലുടൻ തന്നെ മടക്കി കൊടുക്കുന്നതാണ്.

8. പഞ്ചായത്തിന്റെ മുൻ ലേലങ്ങളിൽ പങ്കെടുത്ത് വ്യവസ്ഥ ലംഘനം വരുത്തി പഞ്ചായത്തിനു നഷ്ടം വരുത്തിയിട്ടുള്ളവരോ പഞ്ചായത്തുമായി ഏതെങ്കിലും വ്യവഹാരത്തിൽ ഏർപ്പെട്ടിട്ടുള്ളവരോ ആയ വ്യക്തികളെ ഈ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

9. ലേലക്കാരുടെ വീഴ്ച പ്രകാരം പുന:ലേലം നടത്തേണ്ടി വരുന്ന ലേലങ്ങൾ സംബന്ധിച്ച് പഞ്ചായത്തിനുണ്ടാകുന്ന നഷ്ടത്തിനു ആദ്യലേലക്കാർ ഉത്തരവാദിയായിരിക്കുന്നതും ആയത് നിയമപ്രകാരം ആദ്യലേലക്കാരിൽ നിന്നും കുടിശ്ശിക പോലെ ഈടാക്കുന്നതുമാകുന്നു.

10. ഏതെങ്കിലും കാരണവശാൽ ലേല ദിവസം അവധി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ലേലം നടത്തുന്നതായിരിയ്ക്കും.

11. ലേലം അംഗീകരിക്കുന്നതും നിരസിക്കുന്നതും സംബന്ധിച്ച അന്തിമ തീരുമാനം പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരമായിരിക്കും.

ഒപ്പ്

സെക്രട്ടറി

അഴൂർ ഗ്രാമ പഞ്ചായത്ത്

**സെക്രട്ടറി**
**അഴൂർ ഗ്രാമ പഞ്ചായത്ത്**
പെരുങ്ങുഴി. പി. ഒ, തിരുവനന്തപുരം ജില്ല, കേരളം, ഇന്ത്യ
പിൻ - 695305 , ഫോൺ: 0470 2636255, 9496040731

**പ്രസിദ്ധീകരണത്തിന്**

1. അഴൂർ വില്ലേജ് ഓഫീസ്
2. അഴൂർ കൃഷി ഓഫീസ്
3. മംഗലപുരം ഗ്രാമപഞ്ചായത്ത്
4. ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്
5. കിഴുവിലം ഗ്രാമപഞ്ചായത്ത്
6. പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്
7. എൽ.എസ്.ജി.ഡി. വെബ്സൈറ്റ്

അഴൂർ ഗ്രാമ പഞ്ചായത്ത്
തിരുവനന്തപുരം
പിൻ - 695 305
പെരുങ്ങുഴി. പി. ഒ.